**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3513 — 19.10.2016 -ലെ മറുപടിക്ക്.

**ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കൽ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.ഡി.ദേവസ്സി**<br>**ശ്രീ.വി.കെ.സി.മമ്മത് കോയ**<br>**ശ്രീ.എം.നൗഷാദ്**<br>**ശ്രീ.ആർ.രാജേഷ്** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |

| | |
|---|---|
| (എ) ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കുന്നതിനായി നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (എ) ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കുന്നതിനായി എല്ലാ വർഷവും പുതുക്കൽ നടപടികൾ ആരംഭിക്കുന്ന നിശ്ചിത കാലയളവിൽ പൊതുജനങ്ങൾക്ക് സൗകര്യപ്രദമായി നഗരസഭ/മുൻസിപ്പാലിറ്റി/പഞ്ചായത്ത് വാർഡ് തലത്തിൽ കാർഡ് പുതുക്കൽ കേന്ദ്രങ്ങൾ (എൻറോൾമെന്റ് സെന്ററുകൾ) സജ്ജീകരിക്കാറുണ്ട്. |
| (ബി) പ്രസ്തുത കാർഡ് അക്ഷയകേന്ദ്രങ്ങൾ വഴി പുതുക്കുന്നതിന് മുൻകാലത്ത് സൗകര്യമുണ്ടായിരുന്നുവെങ്കിലും ഈ സൗകര്യം ഇപ്പോൾ ലഭ്യമല്ലാത്തതിനാൽ പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല<br>പദ്ധതിയുടെ ആരംഭകാലം മുതൽ നാളിതുവരെയും അക്ഷയ കേന്ദ്രങ്ങൾ വഴി ആരോഗ്യ കാർഡ് പുതുക്കി നൽകുന്നതിന് സൗകര്യം ഏർപ്പെടുത്തിയിരുന്നില്ല. ആരോഗ്യ കാർഡ് ലഭിച്ചിട്ടില്ലാത്തതും, എന്നാൽ അതിന് യോഗ്യതയുള്ളതുമായ കുടുംബങ്ങളുടെ രജിസ്ട്രേഷൻ ആണ് അക്ഷയ കേന്ദ്രങ്ങൾ വഴി എല്ലാ വർഷവും സ്വീകരിച്ചുവരുന്നത്. |
| (സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എല്ലാ അക്ഷയ കേന്ദ്രങ്ങളിലും ആരോഗ്യ ഇൻഷ്വറൻസ് കാർഡ് പുതുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (സി) കേന്ദ്ര സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള ആർ.എസ്.ബി.വൈ. മാനദണ്ഡം അനുസരിച്ച് ടെണ്ടർ നടപടികളിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയാണ് ക്വാളിറ്റി കൺട്രോൾ ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള സ്മാർട്ട് കാർഡ് സേവന ദാതാവിനെ തിരഞ്ഞെടുക്കേണ്ടത്. അപ്രകാരം ക്വാളിറ്റി കൺട്രോൾ ഓഫ് ഇന്ത്യയുടെ അംഗീകാരം അക്ഷയ കേന്ദ്രങ്ങൾക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ, അക്ഷയ കേന്ദ്രങ്ങൾ |

| | |
|---|---|
| | വഴി ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താനാവില്ല.<br>2016-17 വർഷത്തേക്ക് സ്മാർട്ട് കാർഡ് സേവന ദാതാവായി സ്മാർട്ട് ഐ.റ്റി. സൊല്യൂഷൻസ് ലിമിറ്റഡ്, ഫിനോ പേടെക് ലിമിറ്റഡ് എന്നീ സ്മാർട്ട് കാർഡ് ദാതാക്കളെയാണ് കാർഡ് വിതരണവും വിതരണ കേന്ദ്രങ്ങളും സജ്ജീകരിക്കുന്നതിനായി ഇൻഷുറൻസ് സേവന ദാതാവായ ഐ.സി.ഐ.സി.ഐ. ലൊംബാർഡ് (പ്രൈവറ്റ്) ലിമിറ്റഡ് ചുമതലപ്പെടുത്തിയിട്ടുള്ളത്.<br>എല്ലാ വർഷവും ഏപ്രിൽ ഒന്നാം തീയതി മുതൽ അടുത്ത മാർച്ച് മാസം 31-ാം തീയതി വരെയാണ് ഒരു കാർഡിന്റെ കാലാവധി. മാർച്ച് 31ന് അകം വാർഡ്തല പുതുക്കൽ കേന്ദ്രം വഴി വിരലടയാളവും ഫോട്ടോയും രേഖപ്പെടുത്തി കാർഡ് പുതുക്കേണ്ടതാണ്. |
| (ഡി) രോഗത്താൽ കിടപ്പിലായവർക്കും മറ്റു കാരണങ്ങളാൽ യഥാസമയം കാർഡ് പുതുക്കുന്നതിന് കഴിയാതെ പോയവർക്കും കാർഡ് പുതുക്കുന്നതിന് വീണ്ടും ഒരു അവസരം കൂടി നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) രോഗത്താൽ കിടപ്പിലായവർക്കും മറ്റു കാരണങ്ങളാൽ യഥാസമയം കാർഡ് പുതുക്കുന്നതിന് കഴിയാതെ പോയവർക്കും ആനുകൂല്യം നഷ്ടപ്പെടാതിരിക്കുവാൻ നിശ്ചിത കാലാവധിക്കുള്ളിൽ കുടുംബത്തിലെ ഒരു അംഗം പുതുക്കൽ കേന്ദ്രത്തിൽ പോയി കാർഡ് പുതുക്കിയതിന് ശേഷം, ചികിത്സ ആവശ്യമുള്ള സമയം ബന്ധപ്പെട്ട ആർ.എസ്.ബി.വൈ. ജില്ലാ കേന്ദ്രത്തിൽ പോയി വിരലടയാളവും ഫോട്ടോയും രേഖപ്പെടുത്തി ചികിത്സാ സൗജന്യം നേടാവുന്നതാണ്. എല്ലാ വർഷവും കാർഡ് വിതരണം സമയബന്ധിതമായി നടപ്പിലാക്കേണ്ടതിനാൽ, കാർഡ് പുതുക്കുന്നതിന് ഒന്നിലധികം അവസരം നൽകുന്നത് പദ്ധതിയുടെ നടത്തിപ്പിനെ സാരമായി ബാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ